"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-എഞ്ചിനീയറിങ് വിഭാഗം-കൊച്ചി കോർപ്പറേഷൻ-ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ - അസി.എഞ്ചിനിയർ ശ്രീമതി രാധിക ഹരികുമാറിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.85/2026/LSGD തീയതി,തിരുവനന്തപുരം, 12-01-2026

പരാമർശം:-

1. തദ്ദേശ സ്വയംഭരണ (RB) വകുപ്പിൽ നിന്നുള്ള 17-06-2023-ലെ RB1/236/2023-LSGD നമ്പർ കുറിപ്പ്.
2. വിജിലൻസ് (എഫ് )വകുപ്പിൽ നിന്നുള്ള 19-04-20- ലെ Vigi-F2/1962023-Vigi നമ്പർ കുറിപ്പ്.
3. വിജിലൻസ് ഡയറക്ടറുടെ 09-03-2023-ലെ ഇ10-(എസ്.സി.47/2022/EKM)3767/2022/DVACB നമ്പർ കത്ത്.
4. 26-07-2023-ലെ 181/ഇഡബ്ല്യൂഎ3/2023/തസ്വഭവ നമ്പർ കുറ്റപത്രം /കുറ്റാരോപണ പത്രിക.
5. അസി.എഞ്ചിനിയർ ശ്രീമതി രാധിക ഹരികുമാർ സമർപ്പിച്ച പ്രതിവാദപത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15-04-2024-ലെ LSGD/PD/14646/2024-VIGC4 നമ്പർ അഭിപ്രായക്കുറിപ്പ്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷൻ,ഫോർട്ട് കൊച്ചിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് ബഹു.നില കെട്ടിടം നിർമ്മിക്കുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ്, എറണാകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ കൊച്ചി കോർപ്പറേഷൻ ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷയിൽ സമർപ്പിച്ച പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ ഒരു അപ്പാർട്ട്മെന്റും, ഫസ്റ്റ് ഫ്ലോറിലും, സെക്കന്റ് ഫ്ലോറിലും രണ്ട് അപ്പാർട്ട്മെന്റുകൾ വീതവും ആകെ അഞ്ച് അപ്പാർട്ട്മെന്റുകൾ ഉണ്ട്. KMBR റൂൾ 29 ടേബിൾ 9 പ്രകാരം അഞ്ച് അപ്പാർട്ട്മെന്റുകൾ ഉള്ള ടി കെട്ടിടത്തിന് രണ്ട് പാർക്കിംഗ് സ്പെയ്സ് ആവശ്യമുള്ളതാണെങ്കിലും അപ്രകാരമുള്ള പാർക്കിംഗ് സ്പെയ്സ് ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്ലാനിന് ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. ഗോപിനാഥൻ നായരുടെ റിപ്പോർട്ടിന്മേൽ അസി.എഞ്ചിനിയർ ശ്രീമതി. രാധിക ഹരികുമാർ കെട്ടിട

ഉടമയ്ക്ക് കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചതായി വിജിലൻസ് കണ്ടെത്തി.

2. ഓഫീസ് അറ്റൻഡന്റ് ശ്രീ.പ്രവീൺലാൽ കെ.പി. ഒരു വർഷത്തിലധികമായി അനധികൃതമായി ഡ്യൂട്ടിയ്ക്കായി ഹാജരായിട്ടില്ലായെന്നും കണ്ടെത്തി.

ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ശ്രീമതി.രാധിക ഹരികുമാർ, മുൻ അസി.എഞ്ചിനിയർ ശ്രീ.ഗോപിനാഥൻ നായർ, മുൻ ബിൽഡിംഗ് ഇൻസ്പെക്ടർ എന്നിവരിൽ അസി.എഞ്ചിനിയർ ശ്രീമതി. രാധിക ഹരികുമാറിനെതിരെ KCS (CC&A)Rules 1960-യിലെ Rule 16 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുമുണ്ടായി. സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ഗോപിനാഥൻ നായർക്കെതിരെ KSRs Part III പ്രകാരം അച്ചടക്ക നടപടി സ്വീകരിയ്ക്കുന്ന കാര്യം പരിശോധിച്ച് വരുകയാണ്.

കുറ്റപത്രത്തിന്മേൽ **അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രാധിക ഹരികുമാർ സമർപ്പിച്ച പ്രതിവാദപ്രതികയിൽ** ശ്രീമതി ഡീന ആന്റണി, ശ്രീമതി സീന സാബിൻ & ശ്രീമതി ക്വിനി സാബിൻ എന്നിവരുടെ പേരിൽ 1.067 ആർ സ്ഥലത്ത് 295.75 $m^2$-ൽ റസിഡൻഷ്യൽ ഒക്യുപൻസിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ആയതിൽ 63.00 $m^2$ existing area-യും Ground Floor-ൽ 36.25 $m^2$ ഇതിനോട് കൂട്ടിച്ചേർക്കുകയും, FF & SF-ൽ 99.25 $m^2$ വീതം additional ആയി എടുക്കുന്നതിനുമായിരുന്നു അപേക്ഷയെന്നും ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി, ടി അപേക്ഷയും പ്ലാനും കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ 72-നു വിധേയമാണെന്ന സ്ഥലപരിശോധന റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകിയിരിക്കുന്നതെന്നും മാർച്ച് മാസത്തിൽ പ്ലാൻഫണ്ടുമായി ബന്ധപ്പെട്ട തിരക്കുകൾ കാരണം ടിയാൾ നേരിട്ട് സ്ഥലം പരിശോധിച്ചിരുന്നില്ലയെന്നും കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ 72 പ്രകാരം തികച്ചും റസിഡൻഷ്യൽ ഒക്യുപൻസിയിലാണ് പെർമിറ്റ് നൽകിയിരുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.06.2010-ലെ 36587/ആർ.എ1/2009/തസ്വഭവ നമ്പർ സർക്കുലറിലെ ക്രമ.നം.6-ലെ നിർദ്ദേശപ്രകാരം നിർമ്മാണാനുമതി നൽകുന്ന ഉദ്യേഗസ്ഥൻ 20% അപേക്ഷകളിൽ കുറയാതെ സ്ഥലപരിശോധന നടത്തിയാൽ മതിയാകുമെന്നും നേരിട്ട് സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൻമേൽ അനുമതി നൽകാമെന്നുള്ള പ്രകാരമാണ് ബിൽഡിംഗ് ഇൻസ്പെക്ടറിന്റെ റിപ്പോർട്ടിൻമേൽ പെർമിറ്റ് നൽകിയതെന്നും കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ 72 പ്രകാരം ആയതുകൊണ്ട് നിലവിൽ ലഭ്യമായിരുന്ന കാർപോർച്ച് സ്പേയ്സ് നിലനിർത്തികൊണ്ട് തന്നെയാണ് തികച്ചും റസിഡൻഷ്യൽ ഒക്യുപൻസിക്ക് പെർമിറ്റ് നൽകിയിരിക്കുന്നതെന്നും 22.06.2021-ൽ ടി ഓഫീസിൽ നിന്നും വിടുതൽ ചെയ്തുവെന്നും ശ്രീ.രഞ്ജിത് കുമാർ 08.12.2021-ൽ നൽകിയിരുന്ന പരാതിയിൽ പറയുന്ന പ്രകാരം പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടക്കുന്ന സമയത്തും partial OC നൽകുന്ന സമയത്തും ഫോർട്ട് കൊച്ചി സോണൽ ഓഫിസിൽ ജോലി നോക്കിയിരുന്നില്ലയെന്നും വളരെയേറെ തിരക്കുള്ള സോണൽ ഓഫീസായിരുന്നെങ്കിലും സമയബന്ധിതമായി തന്നെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്തവിധം ബിൽഡിംഗ് ആപ്ലിക്കേഷൻ അനുമതികൾ നൽകുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും

മന:പൂർവ്വമായ വീഴ്ച ഈ നിർമ്മണാനുമതിയിൽ വരുത്തിയിട്ടില്ലായെന്നും അറിയിച്ചിരുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രതിവാദപ്രതികയിന്മേൽ നൽകിയിട്ടുള്ള അഭിപ്രായക്കുറിപ്പിൽ** അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രാധിക ഹരികുമാർ അനുമതി നൽകിയ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 72 ഉപചട്ടം (1) പ്രകാരം നിലവിലുള്ള കെട്ടിടത്തിന് അനുസൃതമായാണ് 1, 2 നിലകൾക്ക് അനുമതി നൽകിയിട്ടുള്ളതെന്നും കൂടാതെ കെട്ടിടത്തിന്റെ പിൻഭാഗത്തേക്കു കൂട്ടിചേർത്ത പുതിയനിർമ്മിതിക്കും അനുമതി നൽകിയിട്ടുണ്ടെന്നും പ്ലാൻ പ്രകാരം രണ്ട് വശങ്ങളും കെ.എം.ബി.ആർ ചട്ടം 26 ഉപചട്ടം (4) പാലിച്ചിട്ടുണ്ടെന്നും പിൻഭാഗം ക്രമമല്ലാതെ പഴയകെട്ടിടവും തുടർന്നുകൂട്ടിച്ചേർത്ത ഭാഗവുമാണെന്നും കൂട്ടിച്ചേർത്ത ഭാഗത്ത് കൂടുതൽ ദൂരപരിധി 1.88 മീറ്ററും കുറഞ്ഞ ദൂരപരിധി 1.36 മീറ്ററും ഉള്ളതിനാൽ ചട്ടം 26 ഉപചട്ടം (4) പാലിക്കുന്നുണ്ടെന്നും എന്നാൽ ചട്ടം 29 ഉപചട്ടം (3) പ്രകാരം ആവശ്യമായ പാർക്കിംഗ് സ്പേസ് പാലിക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.06.2010-ലെ 36587/ആർ.എ1/2009/തസ്വഭവ നമ്പർ സർക്കുലറിലെ ക്രമനമ്പർ 6 ലെ നിർദ്ദേശ പ്രകാരം നിർമ്മാണാനുമതി നൽകുന്ന അപേക്ഷകളുടെ 20% മാത്രം നേരിൽ ചെന്ന് സൈറ്റ് പരിശോധിച്ചാൽ മതിയാകുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ പ്ലാൻ പരിശോധിക്കുമ്പോൾ വസ്തുവിന്റെ വിസ്തീർണ്ണവും കെട്ടിടത്തിന്റെ വിസ്തീർണ്ണവും നിലകളും മനസ്സിലാകുന്നതാണെന്നും കവറേജ്, FSI, പാർക്കിംഗ് എന്നിവ നിശ്ചയിക്കാവുന്നതാണെന്നും കുറ്റപത്രത്തിന് ആധാരമായ കെട്ടിടനിർമ്മാണത്തിന് (റെസിഡെൻഷ്യൽ) അനുമതി നൽകിയ സമയത്ത് പാർക്കിംഗ് ഏരിയ നിശ്ചയിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രാധിക ഹരികുമാറിന് വീഴ്ച പറ്റിയിട്ടുണ്ടെന്നും ഈ കെട്ടിടത്തിന് ഭാഗികമായി ഒക്യുപൻസി നൽകിയത് 24.09.2021-ലാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രാധിക ഹരികുമാർ 22.06.2021-ന് ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതിനാൽ ഒക്കുപൻസി അനുവദിച്ച സമയത്ത് ടിയാൾ ഫോർട്ട് കൊച്ചി സോണൽ ഓഫീസിൽ ജോലി ചെയ്തിരുന്നില്ലയെന്നും അഭിപ്രായപ്പെടുന്നു.

വിജിലൻസ് റിപ്പോർട്ട്, ശ്രീമതി രാധിക ഹരികുമാർ സമർപ്പിച്ച പ്രതിവാദപത്രിക, തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ ഗ്രൗണ്ട് ഫ്ലോറിൽ 1, ഫസ്റ്റ് & സെക്കൻഡ് ഫ്ലോറിൽ 2 വീതം എന്നിങ്ങനെ ആകെ 5 അപ്പാർട്ട്മെന്റുകൾ ഉള്ള കെട്ടിടത്തിന് കെഎംബിആർ റൂൾ -29 ടേബിൾ 9 പ്രകാരം 2 പാർക്കിംഗ് സ്പേസ് വേണമെന്നിരിക്കേ അപ്രകാരമല്ലാതെ സമർപ്പിച്ച പ്ലാനിന് ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകി എന്നതാണ് അസി.എഞ്ചിനിയർ ശ്രീമതി രാധിക ഹരികുമാറിനെതിരായ ആരോപണം. തദ്ദേശസ്വയംഭരണവകുപ്പിന്റെ 27.06.2010-ലെ 36587/ആർ.എ1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും തിരക്കുകൾ കാരണവും നേരിട്ട് സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടുപ്രകാരം അനുമതി നൽകാമെന്നതു പ്രകാരവുമാണ് ബിൽഡിംഗ് ഇൻസ്പെക്ടറിന്റെ റിപ്പോർട്ടിൻമേൽ പെർമിറ്റ് നൽകിയെന്നതായിരുന്നു ടിയാളുടെ വാദം. എന്നാൽ ടി കെട്ടിടം ചട്ടം 29 ഉപചട്ടം

(3) പ്രകാരം ആവശ്യമായ പാർക്കിംഗ് സ്പേസ് പാലിക്കുന്നില്ലയെന്നും നേരിൽ ചെന്ന് സൈറ്റ് പരിശോധിച്ചില്ലെങ്കിലും കെട്ടിടനിർമ്മാണപ്ലാൻ പരിശോധിക്കുമ്പോൾ വസ്തുവിന്റെ വിസ്തീർണ്ണവും കെട്ടിടത്തിന്റെ വിസ്തീർണ്ണവും നിലകളും മനസ്സിലാകുന്നതാണെന്നും കവറേജ്, FSI, പാർക്കിംഗ് എന്നിവ നിശ്ചയിക്കാവുന്നതാണെന്നും കുറ്റപത്രത്തിന് ആധാരമായ കെട്ടിടനിർമ്മാണത്തിന് (റെസിഡെൻഷ്യൽ) അനുമതി നൽകിയ സമയത്ത് പാർക്കിംഗ് ഏരിയ നിശ്ചയിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രാധിക ഹരികുമാറിന് വീഴ്ച പറ്റിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കെ.എം.ബി.ആർ റൂൾ-29 ടേബിൾ 9 പ്രകാരം 2 പാർക്കിംഗ് സ്പേസ് കെട്ടിടത്തിന് വേണമെന്നിരിക്കേ, ആയത് സമർപ്പിയ്ക്കപ്പെട്ട പ്ളാൻ പരിശോധിച്ച് മനസ്സിലാക്കാമെന്നിരിയ്ക്കെ, ചട്ടലംഘനമുള്ള പ്ലാനിന് ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ മാത്രം ആധാരത്തിൽ കെട്ടിട നിർമ്മാണഅനുമതി നൽകി എന്നത് വീഴ്ചയാണ്. ആയതിനാൽ കൊച്ചി കോർപ്പറേഷൻ ഫോർട്ട്കൊച്ചി സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ അസി.എഞ്ചിനിയർ ശ്രീമതി രാധിക ഹരികുമാറിനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം സ്വീകരിച്ചുവരുന്ന ലഘുശിക്ഷയ്ക്കുള്ള അച്ചടക്കനടപടി അതേ ചട്ടങ്ങളിലെ ചട്ടം 11(1) (iii) പ്രകാരം ടിയാളുടെ വാർഷികവേതനവർദ്ധനവ് ആറു മാസത്തേയ്ക്ക് സഞ്ചിത ഫലമില്ലാതെ തടയുക എന്ന ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ഗോപിനാഥൻ നായർക്കെതിരെ KSR Part III പ്രകാരമുള്ള അച്ചടക്ക നടപടി പ്രത്യേകം പരിഗണിച്ച് തീർപ്പാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി രാധിക ഹരികുമാർ, അസി.എഞ്ചിനിയർ,വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് (PEN:624640) (തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. തദ്ദേശ സ്വയംഭരണ (RB)വകുപ്പ് (ടി വകുപ്പിൽ നിന്നുള്ള 7-06-2023-ലെ RB1/236/2023-LSGD നമ്പർ കുറിപ്പ് പ്രകാരം)
3. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.(ഉത്തരവു പ്രകാരമുള്ള തുടർനടപടിയ്ക്കായി)
4. വിജിലൻസ് (എഫ്)വകുപ്പ് (ടി വകുപ്പിൽ നിന്നുള്ള 19-04-20 ലെ Vigi- F2/1962023-Vigi നമ്പർ കുറിപ്പ് പ്രകാരം.)
5. വിജിലൻസ് ഡയറക്ടർ,തിരുവനന്തപുരം.
6. തദ്ദേശസ്വയംഭരണ(EWB)വകുപ്പ് (DPC List സംബന്ധിച്ച നടപടിയ്ക്കായി)
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

9. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്(EWA3/181/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 12-01-2026 13:34:22
സെക്ഷൻ ഓഫീസർ